LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

277 (1027) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത്/ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിൽ ഉൾപ്പെട്ട തസ്തികകളുടെ വിവരങ്ങളും ബന്ധപ്പെട്ട ഫയലുകളുടെ നമ്പറും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസലുകളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട എ 1/227/2020/എഫ്&പിഡി നമ്പർ ഫയലിൽ പരിശോധനയിലാണ്. തസ്തിക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിലെ കോഴ്സുകൾ

278 (1028) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ നീണ്ടകരയിൽ പ്രവർത്തിച്ചിരുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ഏതെങ്കിലും കോഴ്സുകൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നതെന്ന് അറിയിക്കുമോ?

നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പണി പൂർത്തിയായിട്ടില്ല. നിലവിൽ നാല് ദിവസത്തെ ബോട്ട് ക്രൂ ടെയിനിംഗ് പ്രോഗ്രാമാണ് നടന്നുവരുന്നത്. ഫസ്റ്റ് ക്ലാസ് മാസ്റ്റർ/എഞ്ചിനീയർ സർട്ടിഫിക്കറ്റുകൾക്കായുള്ള ടെയിനിംഗ് പ്രോഗ്രാം നടത്തുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പുതിയ കെട്ടിടം പൂർത്തീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിടം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നീണ്ടകര മാരികൈടം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണം സംബന്ധിച്ച് കരാറുകാരായ മെ.സൗത്ത് ഇൻഡ്യൻ കൺസ്ട്രക്ഷൻസും കൺസൾട്ടന്റായ മെ. അജിത് അസോസിയേറ്റ്സും ബഹു. ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരൂർ മണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിലെ പ്രവർത്തനങ്ങൾ

279 (1029) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) തുറമുഖ വകുപ്പ് സർക്കാരിന്റെ അനുമതിക്കായി നൽകിയ മണ്ഡലത്തിലെ പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ?

(എ&ബി) തിരൂർ നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം

280 (1030) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം കൂടുതൽ ചരിത്ര സ്മാരകങ്ങളെ കണ്ടെത്തുന്നതിനും അവയെ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly